പതിനാലാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3644 20.6.2018 ൽ മറുപടിയ്ക്ക്

## ഇൻസൈറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട വിജിലൻസ് കേസ്

ചോദ്യം മറുപടി

ശ്രീ.പി.സി. ജോർജ് ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ

(ആരോഗ്യവും സാമൂഹ്യനീതിയും

വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കാഴ്ച പരിമിതിയുള്ളവരെ സാങ്കേതികവിദ്യയുടെ ലോകത്തേയ്ക്ക് കൈപിടിച്ചുയർത്തുവാൻ 2007 ൽ സർക്കാർ ആരംഭിച്ച പദ്ധതിയായ ഇൻസൈറ്റ് അടച്ച് പൂട്ടുവാൻ തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ; | (എ) ഇല്ല. കാഴ്ചപരിമിതിയുള്ളവർക്ക് കമ്പ്യൂട്ടർ പരിജ്ഞാനം നൽകുന്നതിനായി കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡ് എന്ന സംഘടന നടത്തി വരുന്ന ഇൻസൈറ്റ് എന്ന പ്രോജക്ടിന് 2013-14 വർഷം മുതൽ വകുപ്പിൽ നിന്നും ധനസഹായം അനുവദിച്ചു വരുന്നു. എന്നാൽ 2017-18 വർഷം സംഘടന സമർപ്പിച്ച പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും അനുമതി നൽകിയിട്ടില്ല.<br>സംഘടന സമർപ്പിച്ചിട്ടുള്ള പ്രോജക്ട് പ്രൊപ്പോസലിനെ കുറിച്ച് പഠനം നടത്തി പ്രോജക്ട് നിലവാരം സംബന്ധിച്ച് റിപ്പോർട്ട് നൽകുവാനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് ആന്റ് ടാക്സേഷൻ(GIFT) എന്ന ഏജൻസിയെ ഏൽപ്പിക്കുകയും, റിപ്പോർട്ട് അനുകൂലമാണെങ്കിൽ പ്രൊപ്പോസൽ സർക്കാർ അനുമതിയ്ക്കായി സമർപ്പിക്കുവാനും നിർദ്ദേശിച്ചിരുന്നു.<br>എന്നാൽ GIFT, കേരള ഫെഡറേഷൻ ഓഫ് ദി ബ്ലൈൻഡിന്റെ 2013-14 മുതലുള്ള പ്രോജക്ടുകൾ വിലയിരുത്തുകയും പ്രോജക്ടുകൾ തുടർന്നു നടത്തുമ്പോൾ ഏതൊക്കെ മേഖലയിൽ മാറ്റം വരുത്തണമെന്ന ചില നിർദ്ദേശങ്ങൾ നൽകുകയുമാണ് ചെയ്തിട്ടുള്ളത്. കൂടാതെ മുൻ വർഷങ്ങളിൽ നടത്തിയ പ്രവർത്തനങ്ങളുടെ വിശദാംശം ശേഖരിക്കുവാനും വകുപ്പ് തലത്തിൽ ഒരു ഓഡിറ്റ് നടത്തുവാനും സംഘടനയുടെ ഓഡിറ്റ് ടീമിൽ നിന്നും ഒരു റിപ്പോർട്ടു വാങ്ങുവാനും ഇൻസൈറ്റിന്റെ ഗുണഭോക്താക്കളുമായി നേരിട്ട് ബന്ധപ്പെട്ട് പരിശീലന പരിപാടിയുടെ ഗുണഫലം പരിശോധിക്കുവാനുമാണ് GIFT ശുപാർശ ചെയ്തിരിക്കുന്നത്.<br>ഇവ കൂടാതെ സാമൂഹ്യനീതി ഡയറക്ടറേറ്റിൽ നടന്ന ഓഡിറ്റിനെ തുടർന്ന് അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് ടീം സംഘടനയ്ക്ക് |

| | |
|---|---|
| | സാമ്പത്തിക സഹായം നൽകിയ ഫയലുകൾ പരിശോധിച്ച് വിവിധ വിഷയങ്ങളിൽ ഓഡിറ്റ് എൻക്വയറി റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുണ്ട്. മാത്രവുമല്ല സംഘടന നടത്തി വന്ന പ്രോജക്ടിൽ ഇൻസ്ട്രക്ടറായി ജോലി നോക്കിയിരുന്നയാൾ, ഗുണഭോക്താക്കൾ എന്നിവർ സംഘടനയുടെ പ്രവർത്തനങ്ങളിൽ ക്രമക്കേടുകൾ നടക്കുന്നതായും ചൂണ്ടിക്കാട്ടിയിട്ടുണ്ട്. ടി സാഹചര്യത്തിലാണ് സംഘടന സമർപ്പിച്ച പ്രോജക്ട് പ്രൊപ്പോസൽ 2017-18 ൽ പരിഗണിക്കുവാൻ കഴിയാതിരുന്നത്. |
| (ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഏതെങ്കിലും വിജിലൻസ് കേസ് നിലവിലുണ്ടോ; എങ്കിൽ പരാതിയുടെ പകർപ്പ് ലഭ്യമാക്കുമോ; വിഷയത്തിൽ എന്ത് തീരുമാനം എടുത്തു; വിശദമാക്കുമോ; | (ബി)ഇൻസൈറ്റ് പ്രോജക്ട് സംബന്ധിച്ച് വിജിലൻസ് കേസുകളൊന്നും നിലവിലില്ല. |
| (സി) ഇൻസൈറ്റ് സ്ഥാപനം നിർത്തലാക്കി പകരം വേറെ ഏതെങ്കിലും സ്ഥാപനത്തിന് കംപ്യൂട്ടർ കോഴ്സുകൾ തുടങ്ങുവാൻ സർക്കാർ തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ ഏത് സ്ഥാപനത്തിന്; വ്യക്തമാക്കുമോ; | (സി) ഇൻസൈറ്റ് പ്രോജക്ട് നിലവിൽ നിർത്തലാക്കിയിട്ടില്ല. ഭിന്നശേഷിക്കാർക്കായി കമ്പ്യൂട്ടർ പരിജ്ഞാനം ഉൾപ്പെടെ വിവിധ ക്ഷേമ പദ്ധതികൾ നടത്തുന്നതിന് ധനസഹായം നൽകുന്നതിലേയ്ക്ക് സംസ്ഥാനത്തെ വിവിധ എൻ.ജി.ഒ (NGO)കളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. അനുയോജ്യമായ അപേക്ഷകൾ (പ്രൊപ്പോസലുകൾ) ലഭ്യമാകുന്ന പക്ഷം പദ്ധതികൾ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ഡി) പ്രസ്തുത വിഷയം മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ സാമൂഹ്യ നീതിവകുപ്പ് ശ്രമിച്ചിട്ടുണ്ടോ; എങ്കിൽ സമർപ്പിച്ച ഫയൽ നമ്പരും കത്തിന്റെ പകർപ്പും ലഭ്യമാക്കുമോ? | (ഡി) ഇല്ല. |

സെക്ഷൻ ഓഫീസർ